# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 131     09/03/2015-ൽ മറുപടിയ്ക്ക്**

### പൊഴിക്കര - ലക്ഷ്മീപുരം തോപ്പ് തീരദേശ റോഡ് നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജി. എസ്. ജയലാൽ:** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊഴിക്കര - ലക്ഷ്മിപുരം തോപ്പ് തീരദേശ റോഡ് സഞ്ചാരയോഗ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സുഗമമായ ഗതാഗതത്തിന് നിലവിൽ എന്തൊക്കെ ബുദ്ധിമുട്ടുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പൊഴിക്കര- ലക്ഷ്മിപുരം തോപ്പ് തീരദേശ റോഡിൽ ഉൾപ്പെട്ട<br><br>(1) മുക്കം പൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.<br><br>2) പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള റോഡിന്റെ ടാറിംഗിനായി 3 തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തി ഒരിക്കൽകൂടി ടെണ്ടർ ചെയ്യുകയും ടി ദർഘാസിൽ ഒരാൾ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത ദർഘാസ് സർക്കാരിന്റെ പരിഗണനയിലാണ്. ആയതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ഏർപ്പാടാക്കി ടി റോഡും സഞ്ചാരയോഗ്യമാക്കുന്നതാണ്. |
| (ബി) പ്രസ്തുത റോഡിലെ മെറ്റലിംഗും ടാറിംഗും പൂർത്തീകരിക്കുന്നതിലേയ്ക്ക് എത്ര രൂപയുടെ അനുമതി എന്ന് ലഭിച്ചുവെന്ന് അറിയിക്കുമോ; | (ബി) | പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള റോഡിന് 57.70 ലക്ഷം രൂപ 27/11/2013ൽ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡ് നവീകരണം പൂർത്തീകരിക്കുവാൻ നാളിതു വരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? അവശേഷിക്കുന്ന ജോലികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | 1. പൊഴിക്കര ലക്ഷ്മിപുരം തോപ്പ് തീരദേശ റോഡിൽ ഉൾപ്പെട്ട മുക്കംപൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>2. പൊഴിക്കര മുതൽ മുക്കം പൊഴി വരെയുള്ള റോഡിന്റെ നവീകരണ പ്രവൃത്തിയ്ക്കു വേണ്ടി മൂന്നു തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തില്ല. ടി സാഹചര്യത്തിൽ ടി പ്രവൃത്തി ഒരിക്കൽ കൂടി ദർഘാസ് നടത്തിയപ്പോൾ ആയതിൽ ഒരാൾ പങ്കെടുക്കുകയും ഉയർന്ന നിരക്കായതിനാൽ അംഗീകാരം നൽകുന്നതിനുള്ള ദർഘാസ് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | പൊഴിക്കര ലക്ഷ്മിപുരം തോപ്പ് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**